# 1

# ഇരുപത് ആത്മാക്കൾ ബന്ധിച്ചു

**(തെക്കൻ കൊറിയ – സിവുനോ-55)**

ഡൈയഗു എന്ന വിശാലമായ തെക്കൻ കൊറിയയുടെ പട്ടണത്തിൽ താമസിക്കുമ്പോൾ സിവു ഒരു ചെറിയ കുട്ടിയായിരുന്നു. അപ്പോൾ മുതൽ അവൾക്ക് തലവേദന ഉണ്ടായിരുന്നു.

അവൾ കോളേജ് വിദ്യാഭ്യാസം പൂർത്തീകരിച്ചു. വിവാഹിതയായി, ഒരു മകളും ജനിച്ചു. പക്ഷെ അവളുടെ തലവേദന ഒരു നിരന്തര ഭാരമായിരുന്നു. എന്തു ചെയ്യണമെന്ന് ഡോക്ടർമാർക്ക് അറിയില്ലായിരുന്നു. ബുദ്ധമത അമ്പല ങ്ങൾ സന്ദർശിച്ച് ഒരു സന്യാസി ആകാൻ ആഗ്രഹിച്ചു. പക്ഷെ സന്യാസ സമൂഹം അവളെ സ്വീകരിച്ചില്ല.

പിന്നെ അവൾ ഒരു വെളിച്ചപ്പാടിനെ കാണാൻ പോയി. വെളിച്ചപ്പാട് പറഞ്ഞു, സിവു മുറിയിൽ കയറി വരുന്നതിനുതൊട്ട് മുൻപ് ഒരു കുട്ടി ഭൂതം മുറിയിൽ കയറി വന്നു. ആ ഭൂതാത്മാവ് സിവുവിന്റെ മരിച്ച ഇളയ സഹോദ രൻ ആണ്. അവൻ തലയ്ക്ക് മുറിവേറ്റാണ് മരിച്ചത്.

സിവുവിനു ഒരു ഇളയസഹോദരൻ ഉണ്ടായിരുന്നു. പക്ഷേ, അധിക മൊന്നും അവനെക്കുറിച്ച് അറിയില്ലായിരുന്നു. കാരണം അവൾ ജനിക്കുന്ന തിനുമുൻപ് സഹോദരൻ മരിച്ചിരുന്നു. പക്ഷേ തലയിലെ മുറിവ് കാരണ മാണ് അവൻ മരിച്ചത് എന്ന് അമ്മ പറയുമായിരുന്നു.

സിവു വീണ്ടും ഈ വെളിച്ചപ്പാടിന്റെ അടുക്കൽ അവളുടെ തലവേദ നയ്ക്ക് പരിഹാരത്തിനായി പോയി. ഇതിനു പരിഹാരമായി അവൾ മറ്റൊരു ആത്മാവ് ബാധിച്ച വെളിച്ചപ്പാടത്തി ആകണമെന്ന് വെളിച്ചപ്പാട് പറഞ്ഞു. ഇത് നിരസിക്കുകയാണെങ്കിൽ തന്റെ ഇളയമകൾ പിച്ചിചീന്തപ്പെടും എന്നും പറഞ്ഞു.

സിവു വെളിച്ചപ്പാടത്തി ആയി. താനും ഭർത്താവും ജനിച്ച പർവ്വതനിര കളിൽ പുണ്യയാത്ര നടത്തി നൂറ് ദിവസത്തെ മന്ത്രം ചൊല്ലണം. എല്ലാ ദിവ സവും രാത്രി മൂന്ന് മണിക്കൂർ പ്രാർത്ഥിക്കണം. രാവിലെ രണ്ടു മണിക്കൂർ പ്രാർത്ഥിക്കുകയും തണുത്തവെള്ളത്തിൽ കുളിച്ച് ശരീരശുദ്ധി വരുത്തുകയും വേണമായിരുന്നു.

സിവു ഒരു ആത്മാവിനാൽ പിടിക്കപ്പെടുന്നതിനു പകരം 20 ആത്മാക്ക ളാൽ പിടിക്കപ്പെട്ടു. അവൾ ഒരു ആരാധന സ്ഥലം തുറക്കുകയും അടുത്ത

20 വർഷം മറ്റുള്ളവരുടെ ഭാവി പറയുകയും രോഗം സൗഖ്യമാക്കുകയും മരിച്ചവരുടെ ആത്മാവിനെ പകർന്നു നല്കുകയും ചെയ്തു. എല്ലാ തരത്തിലും അവളുടെ ജോലിയിൽ അവൾ ആത്മാർത്ഥത കാണിച്ചു. വയറുവേദനയായി വരുന്നവരെ അതിന്റെ കാരണം പറഞ്ഞുകൊടുക്കും. ഹൃദയ വേദനയുമായി ആരെങ്കിലും വന്നാൽ അവളുടെ ഹൃദയം വേദനിക്കും അപ്പോൾ രോഗം പറയും. പ്രതിനിധിയായി മന്ത്രങ്ങളും പ്രാർത്ഥയും വിധികർമ്മങ്ങളും നിർദ്ദേശിക്കും അവർ അതു ചെയ്യുന്നതിനനുസരിച്ച് രോഗം മാറും.

അങ്ങനെ സിവു നല്ല കാശുണ്ടാക്കി. പക്ഷേ അവൾ സന്തുഷ്ടയായിരുന്നില്ല. അവളുടെ തലവേദന മാറി. പക്ഷേ, ശരീരം മുഴുവൻ വേദനയും ചിന്തകൾ യാഥാർത്ഥ്യത്തിൽനിന്നും വളരെ അകലെയുമായി. ഭർത്താവും മകളും അവളെ ഉപേക്ഷിച്ചു. പലതവണ ആത്മഹത്യയ്ക്ക് ശ്രമിച്ചു.

ഒരിക്കൽ അവളുടെ കാറിനു പിന്നിൽ ആരോ ഇടിച്ച് അപകടത്തിൽപെട്ട് ഒരുമാസം ആശുപത്രിയിൽ കിടന്നു. മറ്റുള്ളവരുടെ ഭാവി പറഞ്ഞുകൊടുക്കുന്ന തനിക്ക് എന്തുകൊണ്ട് സ്വന്തം ജീവിതത്തിൽ നടന്ന അപകടത്തെ മുൻകൂട്ടി കാണാൻ സാധിച്ചില്ല. ഇത് അവളെ ചിന്താകുലയാക്കി.

ഞാൻ 20 വർഷമായി സേവിച്ചുപോരുന്ന ദൈവങ്ങൾക്ക് എന്തുകൊണ്ട് എന്നെ സംരക്ഷിക്കാൻ കഴിഞ്ഞില്ല? ഈ ദൈവങ്ങൾക്ക് എന്നെ സംരക്ഷിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ എങ്ങനെ എനിക്ക് അവരെ വിശ്വസിക്കാം?

അവളുടെ വിശ്വാസവർദ്ധനയ്ക്കായി പ്രാർത്ഥിച്ചു. പക്ഷേ ഒന്നും സംഭവിച്ചില്ല. നിരാശയിലായ അവൾ, അവളുടെ പൂജാകേന്ദ്രം തീയിട്ടു. ഈ ദൈവങ്ങളും പൂജാകേന്ദ്രങ്ങളും ഇല്ലാതെ അവൾ തികച്ചും ഏകാന്തത അനുഭവിച്ചു. തന്റെ ദൈവങ്ങളെക്കാൾ ശക്തിയുള്ള ദൈവം വേറെയുണ്ടോ എന്നു ചിന്തിച്ചു. ഒരിക്കൽ യേശുവിനെക്കുറിച്ച് പറഞ്ഞ ഒരു സ്ത്രീയെകുറിച്ച് ഓർമ്മ വന്നു. സിവു അവളെ വിളിച്ചു സഹായം അഭ്യർത്ഥിച്ചു. ആ അഡ്വന്റിസ്റ്റു സ്ത്രീ സിവുവിനെ ഒരു റിട്ടയർ ചെയ്ത പാസ്റ്ററെ പരിചയപ്പെടുത്തിക്കൊടുത്തു. അവർ ബൈബിൾ പഠിച്ചു. മരണത്തിലെ മനുഷ്യന്റെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് അവൾ മനസ്സിലാക്കി. അവൾ ദൈവത്തെയല്ല സാത്താനെയാണ് സേവിക്കുന്നതെന്നു മനസ്സിലായി. അവൾ 2016-17 ൽ സ്നാനപ്പെട്ടു.

സാത്താൻ തന്റെ ജീവിതത്തെ ഇനിയൊരിക്കലും നിയന്ത്രിക്കുകയില്ലെന്ന് അവൾ ഉറപ്പുവരുത്തി. രാവിലെയും വൈകുന്നേരവും ബൈബിൾ വായിച്ച് പഠിക്കും. എപ്പോഴും പ്രാർത്ഥിക്കും. അവളുടെ ജീവിതത്തിലാദ്യമായി സന്തോഷവും സമാധാനവും അവൾ അനുഭവിക്കുന്നു ഇപ്പോൾ.

മർക്കൊസിന്റെ സുവിശേഷം 5-ാം അദ്ധ്യായത്തിൽ യേശു ഒരു മനുഷ്യനിൽ നിന്നും ഭൂതത്തെ പുറത്താക്കുന്ന കഥ പറയുന്നു: "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന്, കർത്താവ് നിനക്കു ചെയ്തതൊക്കെയും നിന്നോടു കരുണകാണിച്ചതും പ്രസ്താവിക്ക എന്ന് അവനോടു പറഞ്ഞു." അങ്ങനെ സിവു ദൈവം തനിക്കു ചെയ്ത നന്മ ലോകത്തുള്ള അഡ്വന്റിസ്റ്റു വിശ്വാസികളോട് പങ്കുവയ്ക്കുന്നു. അവളുടെ കഥ കേൾക്കുന്നവർ ആശ്ചര്യം കൊള്ളുന്നു.

◈ ◈ ◈